LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി കമ്മീഷണറുടെയും മൂന്ന് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരുടെയും ഒഴിവുകൾ നികത്താനുണ്ട്. അഡ്ഹോക്ക് ഡി.പി.സി. പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയശേഷം പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്തുന്നതാണ്.

(ബി) നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ചരക്ക് സേവന നികുതി വകുപ്പിലെ നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തുടങ്ങി എല്ലാ വിഭാഗം തസ്തികകളിലും ഉണ്ടായിരുന്ന ഒഴിവുകൾ നികത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നികുതി പിരിവ് കാര്യക്ഷമമമാക്കാനും നികുതി കുടിശ്ശിക പിരിച്ചെടുക്കാനുമുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി. സംവിധാനത്തിൽ നികുതി പിരിവ് കാര്യക്ഷമമമാക്കുന്നതിനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ആംനസ്റ്റി പദ്ധതി ഭേദഗതികളോടെ ഈ വർഷവും തുടരുന്നുണ്ട്.

പെട്രോൾ-ഡീസൽ വിലയുടെ നികുതി ഘടന

73(3504) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വില്പനവിലയിൽ കേന്ദ്രനികുതി, സംസ്ഥാനനികുതി, മറ്റ് സെസുകൾ തുടങ്ങിയ ഘടകങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുമോ?

പെട്രോൾ - ഡീസൽ ഇന്ധനങ്ങളുടെ വിൽപനവിലയിൽ 1-8-2021 തീയതി അനുസരിച്ചുള്ള കേന്ദ്ര നികുതി, സംസ്ഥാന നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

മേഖലകൾതോറും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന വ്യത്യാസമാണ് പെട്രോൾ - ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമാകുന്നത്.

(സി) പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

പെട്രോൾ - ഡീസൽ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ദൂരവ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എറണാകുളത്തെ വിലയനുസരിച്ചുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കമ്മീഷൻ എന്നീ ഇനങ്ങളിൽ 1-8-2021-ലെ കണക്കനുസരിച്ച് പെട്രോളിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 3.48 രൂപ കമ്മീഷൻ എന്നിങ്ങനെയും ഡീസലിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 2.23 രൂപ കമ്മീഷൻ എന്നിങ്ങനെയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു.

(ഡി) ഇന്ധനവിലയെ ജി.എസ്.ടി.-യ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ഇപ്പോൾ ചുമത്തുന്ന പൊതു വില്പന നികുതി നിരക്ക് യഥാക്രമം 30.08%, 22.76% എന്നിങ്ങനെയാണ്. പെട്രോൾ, ഡീസൽ എന്നിവയെ ചരക്കുസേവന നികുതിയുടെ കീഴിൽ കൊണ്ടുവന്നാൽ പരമാവധി ചുമത്താവുന്ന നികുതി നിരക്ക് 28% മാത്രമാണ്.

നികുതി പിരിവ്

74(3505) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് വിവര

LIBRARY ARCHIVES Kerala Legislative Assembly